അകമലവാരം വനഭൂമിക്കേസ്സ്

48 (321)ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് അകമലവാരത്ത് ഒ.എ നമ്പർ, 22/93 എന്ന കേസ്സിൽ ഉൾപ്പെട്ട വനഭൂമി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക് എന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം നൽകിയത്; അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കോടതിവിധിപ്രകാരം വനഭൂമി തിരിച്ചുകിട്ടുവാനർഹതയുള്ള എത്രപേർ കോടതിവിധി നടപ്പാക്കാത്തതിന്റെ പേരിൽ കോടതി അലക്ഷ്യകേസ്സുകൾ ഫയൽ ചെയ്തിരുന്നു;

(ഡി) ഇവർക്കാർക്കും കൊടുക്കാത്ത ആനുകൂല്യം ഒ.എ.നമ്പർ 22/93 എന്ന നമ്പരുള്ള കേസ്സിലെ അപ്പീൽ കക്ഷിക്കുമാത്രം കൊടുക്കാനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ മരുത റോഡ് വില്ലേജിൽ ചന്ദ്രനഗറിൽ സഹ്യാദ്രി കോളനി എസ്.301-ാം നമ്പർ വീട്ടിൽ താമസം വി.ജെ. മത്തായി മകൻ പി.എം. യോഹന്നാൻ എന്നയാൾ ഒ.എ.22/93 കേസ്സിലെ ഒന്നാം കക്ഷിയെന്ന നിലയ്ക്കും, പ്രസ്തുത ഒ.എ. കേസ്സിലെ മറ്റ് അപേക്ഷകരായ പാലക്കാട് മങ്കാവിൽ മംഗലത്തുവീട്ടിലെ ഷാജു മാത്യു, എം. അനിയൻ, രമ്യ, മാത്യു ചെറിയാൻ, ജോയ് ജോൺ, റസി കുരുവിള എന്നിവരുടെ മുക്ത്യാർ ഏജന്റ് എന്ന നിലയ്ക്കുമാണ് സ്ഥലം ഏറ്റു വാങ്ങിയിരിക്കുന്നത്.

(ബി) 17.402 ഹെക്ടർ വനഭൂമിയാണ് നൽകിയത്. ഹൈക്കോടതിവിധി യുടെ അടിസ്ഥാനത്തിലാണ് നൽകിയത്.

(സി) 6 കോടതിയലക്ഷ്യ കേസ്സുകൾ നിലവിലുണ്ട്.

(ഡി) സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത പ്രത്യേകാനുമതി ഹർജി തള്ളിയതിനാലും സി.എം.പി.4162/98-ലെ വിധി നടപ്പാക്കേണ്ടതിനാലും ആണ് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത്.

അഗസ്ത്യവന മേഖലയിലെ വ്യാജവാറ്റും മൃഗവേട്ടയും

49 (322) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യവനം മേഖലയിൽ വ്യാപകമായി വ്യാജവാറ്റ് നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തെ വനങ്ങളിൽ വ്യപകമായി നടക്കുന്ന കള്ളവാറ്റ് നിയന്ത്രിക്കുന്നതിന് വനംവകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി റെയ്ഡ് നടത്തുമോ;

(സി) കള്ളവാറ്റ് നടത്തുന്നവർക്ക് വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാർ കൂട്ടുനിൽക്കുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യത്തിൽ കള്ളവാറ്റിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) കള്ളവാറ്റിൽ ഏർപ്പെടുന്നവർ അഗസ്ത്യവനം മേഖലയിൽ മൃഗവേട്ട നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത മേഖലയിൽ മൃഗവേട്ട നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം, എക്സൈസ്, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി റെയ്ഡുകൾ നടത്തുന്നുണ്ട്. ഈ വർഷം 4.5.2000, 10.5.2000 എന്നീ തീയതികളിൽ റെയ്ഡ് നടത്തിയിരുന്നു. ആവശ്യമെങ്കിൽ തുടർന്നും ഇത്തരം റെയ്ഡുകൾ നടത്തുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കള്ളവാറ്റിന് ഉദ്യോഗസ്ഥൻമാർ കൂട്ടു നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) മൃഗവേട്ട നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

മുണ്ടോംമൂഴി-മണ്ണിറ ഫോറസ്റ്റ് റോഡിന്റെ അറ്റകുറ്റപ്പണി

50 (323) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മുണ്ടോംമൂഴി-മണ്ണിറ ഫോറസ്റ്റ് റോഡിന്റെ അറ്റകുറ്റപ്പണി ഫണ്ട് ലഭ്യമല്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡ് ഗതാഗതയോഗ്യമല്ലാതായിട്ട് എത്ര കാലമായി;

(ബി) ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ വനം വകുപ്പ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യമായ ഫണ്ട് ഈ വർഷംതന്നെ ബന്ധപ്പെട്ട ഡിവിഷന് കൈമാറാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകദേശം രണ്ടുവർഷമായി

(ബി ആന്റ് സി) ഈ റോഡ് ഉൾപ്പെടുന്ന മുണ്ടോംമൂഴി കുമ്മണ്ണൂർ റോഡ് നന്നാക്കുന്നതിലേക്ക് 2000-2001 വർഷത്തെ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 2000-2001 വർഷത്തിലെ ബഡ്ജറ്റിൽ അംഗീകരിച്ച സിവിൽ വർക്കുകളിൽ ഈ റോഡിന്റെ പണി ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly